**A** | **402**

# സമഗ്ര ശിക്ഷാ കേരളം
## വാർഷിക മൂല്യനിർണ്ണയം 2022-23

**ക്ലാസ് - 4** | **മലയാളം** | **സമയം : 2 മണിക്കൂർ**

കുട്ടിയുടെ പേര്.....................................................

വിദ്യാലയത്തിന്റെ പേര്.....................................................

ഡിവിഷൻ.....................................................

രക്ഷിതാവിന്റെ ഒപ്പ്.....................................................

അധ്യാപകന്റെ ഒപ്പ്.....................................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | വായിക്കാം എഴുതാം | |
| 2 | വിവരണം തയാറാക്കാം | |
| 3. | സംഭാഷണമെഴുതാം | |
| 4 | ജീവചരിത്രക്കുറിപ്പ് തയാറാക്കാം | |
| 5. | പോസ്റ്റർ തയാറാക്കാം | |
| 6. | ആസ്വാദനക്കുറിപ്പെഴുതാം | |
| | ഓവറോൾ ഗ്രേഡ് | |

1. താഴെ കൊടുത്തിട്ടുള്ള ആറ് പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരമെഴുതണം. രണ്ടുമുതൽ ആറുവരെ പ്രവർത്തനങ്ങളിൽ ഏതെങ്കിലും നാല് പ്രവർത്തനങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.
2. മൂല്യനിർണ്ണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
3. ഉത്തരമെഴുതാൻ കൂടുതൽ സ്ഥലം ആവശ്യമെങ്കിൽ അധികം കടലാസ് ഉപയോഗിക്കാം.

### പ്രവർത്തനം 1. വായിക്കാം എഴുതാം

നിലാവിൽ കുളിച്ചുനിൽക്കുന്ന രാത്രി...!
പരന്ന വയലുകൾക്കപ്പുറത്തുള്ള
മാമരങ്ങൾ പോലും വ്യക്തമായി കാണാം.
ആകാശത്ത് ചന്ദ്രൻ
വെള്ളിത്തളിക പോലെ തിളങ്ങുന്നു.
കണ്ണു മിഴിച്ചു നോക്കുന്ന വെള്ളപ്പൂക്കളുടെ
ഭംഗിയും മണവും ഒന്നു വേറെ തന്നെ...
അങ്ങകലെ തലയുയർത്തി നിൽക്കുന്ന
മലമടക്കുകൾക്ക് നിലാവെളിച്ചത്തിൽ അഴകേറി.
ഒരു വെള്ളിയരഞ്ഞാണം പോലെ പുഴ.
മുല്ലപ്പൂക്കൾ വാരിയെറിഞ്ഞതുപോലെ നക്ഷത്രങ്ങൾ.
കണ്ണെടുക്കാതെ നോക്കിനിന്നപ്പോൾ
മിന്നുന്ന നക്ഷത്രങ്ങൾ
എന്തോ പറയുന്നതു പോലെ...
ചെറുകാറ്റിൽ ആലോലമാടുന്ന ഇലകൾ രാത്രിയുടെ ഭംഗി കൂട്ടുന്നു.
രാത്രിയിൽ പുറത്തിറങ്ങാൻ എനിക്ക് പേടിയായിരുന്നു.
എന്നിട്ടും അമ്മയുടെ കൂടെ ഞാൻ പുറത്തിറങ്ങി.
രാത്രിയുടെ ഭംഗി പറഞ്ഞാലും പറഞ്ഞാലും തീരില്ല...!

വർണന വായിച്ചല്ലോ. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതൂ.

1. വെള്ളിത്തളിക പോലെ ആകാശത്ത് കാണുന്നതെന്താണ്?

2. നിലാവിൽ കാണുന്ന പുഴയെ വിശേഷിപ്പിച്ചിരിക്കുന്നതെങ്ങനെയാണ്?

3. ചന്തം എന്ന അർത്ഥം വരുന്ന ഏതൊക്കെ പദങ്ങളാണ് വർണനയിലുള്ളത്?

'മുല്ലപ്പൂക്കൾ വാരിയെറിഞ്ഞതുപോലെ നക്ഷത്രങ്ങൾ'- നിലാവുള്ള രാത്രിയിൽ മേഘങ്ങളെ കണ്ടാൽ ഇതുപോലെ നിങ്ങൾക്ക് എന്തായിരിക്കും തോന്നുക?

5. ഈ വർണനയ്ക്ക് ഒരു തലക്കെട്ട് നൽകൂ.

**പ്രവർത്തനം 2. വിവരണം തയാറാക്കാം**

നിങ്ങളുടെ വിദ്യാലയത്തിൽ ഈ അധ്യയനവർഷം ധാരാളം പരിപാടികൾ നടന്നിരിക്കുമല്ലോ. (ഉദാ: പ്രവേശനോത്സവം, ദിനാഘോഷങ്ങൾ, ക്യാമ്പുകൾ, യാത്രകൾ, മത്സരങ്ങൾ...) ഇവയിൽ ഏതെങ്കിലുമൊന്നിനെക്കുറിച്ച് ഒരു വിവരണം തയാറാക്കൂ.

## പ്രവർത്തനം 3. സംഭാഷണമെഴുതാം

11.08.2022

വ്യാഴം

മുറ്റത്ത് പൂച്ചെടിയിൽ ഇലയുടെ ചുവട്ടിൽ എന്തോ തൂങ്ങിക്കിടക്കുന്നു. ഞാൻ അമ്മയെ വിളിച്ച് കാണിച്ചുകൊടുത്തു. അത് പൂമ്പാറ്റയുടെ പ്യൂപ്പയാണെന്ന് അമ്മ പറഞ്ഞു.

ശരിയാണ്, മൂന്നാം ക്ലാസ്സിൽ ഇതേക്കുറിച്ച് ഞങ്ങൾ പഠിച്ചിട്ടുണ്ട്. ഞാൻ കാത്തിരിപ്പു തുടങ്ങി. പ്യൂപ്പ പൊട്ടിച്ച് പൂമ്പാറ്റ പുറത്തിറങ്ങുന്നതു കാണാൻ...

ശ്രേയയുടെ ഡയറി വായിച്ചല്ലോ.
പ്യൂപ്പ വിരിഞ്ഞു. ശലഭം പുറത്തുവന്നു.
വർണച്ചിറകുള്ള നല്ല ചിത്രശലഭം.
ശ്രേയക്ക് പൂമ്പാറ്റയോട് പലതും പറയാനുണ്ട്.



ശ്രേയയും പൂമ്പാറ്റയും തമ്മിലുള്ള സംഭാഷണം എഴുതു.

ശ്രേയ : ........................................................................................

പൂമ്പാറ്റ : ........................................................................................

ശ്രേയ : ........................................................................................

പൂമ്പാറ്റ : ........................................................................................

ശ്രേയ : ........................................................................................

പൂമ്പാറ്റ : ........................................................................................

ശ്രേയ : ........................................................................................

പൂമ്പാറ്റ : ........................................................................................

**പ്രവർത്തനം 4. ജീവചരിത്രക്കുറിപ്പ് തയാറാക്കാം**

ലോകപ്രസിദ്ധ ഫുട്ബോൾ താരം ലയണൽ മെസ്സിയുടെ ജീവചരിത്രക്കുറിപ്പ് തയാറാക്കൂ.

അച്ഛൻ : ജോർജ്ജ് മെസ്സി
അമ്മ : സെലിയ കുചിറ്റിനി

ജനനം – 1987 ജൂൺ 24
അർജന്റീനയിലെ റൊസാരിയോ

2014 ൽ മികച്ച കളിക്കാരനുള്ള ഗോൾഡൻബോൾ ലഭിച്ചു.



മുഴുവൻ പേര് :
ലയണൽ ആന്ദ്രാസ് മെസ്സി

2022 ഖത്തർ വേൾഡ് കപ്പ് ജേതാവ്, ടൂർണമെന്റിലെ മികച്ച കളിക്കാരനുള്ള ഗോൾഡൻബോൾ

2008 ബീജീങ് ഒളിമ്പിക്സിൽ ഫുട്ബോൾ സ്വർണം നേടിയ അർജന്റീന ടീമിൽ അംഗം

മികച്ച ഫുട്ബോൾ കളിക്കാരനുള്ള ബാലൻഡി ഓർ പുരസ്കാരം ഏഴുതവണ ലഭിച്ചു.

Vivanya V
വിവന്യ വി

**പ്രവർത്തനം 5. പോസ്റ്റർ തയാറാക്കാം**

ഭക്ഷ്യവിഷബാധ
കുട്ടികൾ ആശുപത്രിയിൽ

പച്ചക്കറികളിൽ വ്യാപകമായ
കീടനാശിനി പ്രയോഗം

ഫോർമാലിൻ കലർന്ന
500 കിലോ മത്സ്യം പിടിച്ചു

മാറാരോഗങ്ങൾ
പെരുകുന്നു

ചില പത്രവാർത്തകളുടെ തലക്കെട്ടുകളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ആരോഗ്യത്തിന് ഹാനികരമായ ഒട്ടേറെ കാര്യങ്ങൾ നടക്കുന്നു. ഇതിനെതിരെ സമൂഹത്തെ ബോധവൽകരിക്കാൻ സഹായകമായ ഒരു പോസ്റ്റർ തയാറാക്കൂ.

പ്രവർത്തനം 6. ആസ്വാദനക്കുറിപ്പെഴുതാം

**കൊച്ചുനക്ഷത്രമേ!**



കൊച്ചുനക്ഷത്രമേ, നിന്നെയാരാ
മച്ചിലിരുത്തിയതമ്മയാണോ ?
വല്ലതും തട്ടിമറിച്ചുവോ നീ ?
വല്ലാതെ വാശി പിടിച്ചുവോ നീ ?
അമ്മ കയർക്കുവാനെന്തുമൂലം ?
നമ്മൾ കാണിക്കണം നല്ല ശീലം
താഴേക്കു പോരുവാൻ മോഹമില്ലേ ?
വീഴാതിറങ്ങുവാൻ പറ്റുകില്ലേ ?
പൊക്കമില്ലാത്ത ഞാൻ കൈകൾ പൊക്കി
നിൽക്കുകയല്ലാതെയെന്തു ചെയ്യും ?

(ജി. ശങ്കരക്കുറുപ്പ്)

- കൊച്ചുനക്ഷത്രത്തോട് കുട്ടി എന്തൊക്കെയാണ് പറയുന്നത്?
- കവിതയിൽ ഇഷ്ടപ്പെട്ട വരികൾ ഏതൊക്കെയാണ്? ഇഷ്ടപ്പെടാൻ കാരണമെന്ത്?

ചോദ്യങ്ങളുടെ ഉത്തരങ്ങൾ മനസ്സിൽ വന്നിട്ടുണ്ടാകുമല്ലോ.
എങ്കിൽ ഈ കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പെഴുതൂ.